<u>മി. സ്പീക്കർ:</u> ഇന്നിവിടെ ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. ആന വേട്ടയാണ് വിഷയം. ഇതേ വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു സബ്മിഷനായി 14-ാം തീയതി സഭയിൽ അവതരിപ്പിച്ചു. അത് സബ്മിഷനായയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവതരിപ്പിച്ചതെങ്കിലും ഒരു അടിയന്തര പ്രമേയത്തിന് എടുക്കുന്നതിനേക്കാൾ കൂടുതൽ സമയവും അതിനേക്കാൾ കൂടുതൽ കാര്യങ്ങളും വിശദീകരിച്ചു. ചെയർ അത് പരിശോധിച്ചു. പ്രതിപക്ഷ നേതാവിന്റെ പ്രസംഗം ഒൻപത് പേജുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും അതിനെ സംബന്ധിച്ച് വളരെ ദീർഘമായ മറുപടി പറയുകയുണ്ടായി. വളരെ ദീർഘമായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ 14-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും മന്ത്രി വിശദമായി മറുപടി പറയുകയും ചെയ്ത വിഷയം വീണ്ടും ഒരു അടിയന്തര പ്രമേയമായി വരുന്നത് ശരിയല്ല.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ആ കേസിലെ മുഖ്യപ്രതി മരണപ്പെട്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ:</u> അത് സബ്മിഷനായി ഇന്നുതന്നെ അനുവദിക്കാം. ശ്രീ. വി. എസ്. സുനിൽകുമാറിന് പ്രതിപക്ഷ നേതാവിന്റെ സബ്മിഷനുശേഷം രണ്ടാമത്തെ സബ്മിഷനായി ഇത് അനുവദിക്കുന്നതാണ്. ഇന്നുതന്നെ സഭയിൽ ഇത്

അവതരിപ്പിക്കാനുള്ള സമയമുണ്ട്. അത് അനുവദിക്കുന്നതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഇതിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളത്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ചെയർ എടുക്കുന്ന ഏത് തീരുമാനവും ഞാൻ പൂർണ്ണമായി അംഗീകരിക്കുകയാണ്. ഇതിനെക്കുറിച്ച് ആദ്യാവസാനമായി നേരത്തെതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷന് മറുപടിയായി പറഞ്ഞതാണ്. ആ ഘട്ടത്തിൽ നിന്ന് മുന്നോട്ട് ചെറിയ കാര്യങ്ങൾ മാത്രമേയുള്ളൂ. അങ്ങ് സൂചിപ്പിച്ചതുപോലെ ആദ്യത്തെ സബ്മിഷനായി പറഞ്ഞാൽ ഞാൻ അതിന് മറുപടി പറയുകയും ചെയ്യാം.

ശ്രീ. സി. ദിവാകരൻ: സർ, ഇത് ഗുരുതരമായ ഒരു കൊലക്കേസാണ്. ഐക്കരമറ്റം വാസുവിനെ അതിനുശേഷം കൊലചെയ്തിട്ടുണ്ട്. അതിന്റെ എല്ലാ തെളിവുകളും നശിപ്പിക്കുകയാണ്. ആ പശ്ചാത്തലത്തിലാണ് ഈ അടിയന്തര പ്രമേയം വരുന്നത്.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽകുമാർ, അങ്ങയുടെ സബ്മിഷൻ എല്ലാ പ്രാധാന്യത്തോടുകൂടിയും അവതരിപ്പിക്കാൻ സമയം അനുവദിക്കുന്നുണ്ട്. .....(ബഹളം)......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, പ്രതിപക്ഷ നേതാവ് ഇവിടെ സബ്മിഷൻ ഉന്നയിച്ചതിനുശേഷമുള്ള ഒരു ഡെവലപ്മെന്റാണ് ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. പ്രതിപക്ഷ നേതാവ് ഇവിടെ സബ്മിഷൻ അവതരിപ്പിച്ചതിനുശേഷം അതിൽപ്പെട്ട ഒരാൾ കൊലചെയ്യപ്പെട്ടു. മദ്ധ്യപ്രദേശിലെ വ്യാപം കുംഭകോണം പോലെ ആളുകൾ മരിക്കാൻ തുടങ്ങി.

<u>മി. സ്പീക്കർ:</u> ചെയർ ഒരു കാര്യമേ പറയുന്നുള്ളൂ. ഇക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ ദീർഘമായി സംസാരിച്ചതുകൊണ്ട് ഇനി അടിയന്തര പ്രമേയമായി അവതരിപ്പിക്കേണ്ട ആവശ്യമില്ല. ഇന്നുതന്നെ വളരെ പ്രാധാന്യത്തോടുകൂടി ശ്രീ. വി. എസ്. സുനിൽ കുമാറിന് ഇതുസംബന്ധിച്ച് സബ്മിഷൻ നൽകുന്നതാണ്. അതിൽ അദ്ദേഹത്തിന് വളരെ വിശദമായി ഈ പ്രശ്നം അവതരിപ്പിക്കാം. .......(ബഹളം) .......

<u>ശ്രീ. വി. എസ്. സുനിൽകുമാർ:</u> സർ, ആ കേസിലെ ഒരാൾ കൊലചെയ്യപ്പെട്ടിരിക്കുകയാണ്. ..... (ബഹളം).....

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ, ചെയർ പറയുന്നത് കേൾക്കണം. അങ്ങ് തന്ന നോട്ടീസിൽ മരണ വിവരത്തെക്കുറിച്ച് പറയുന്നില്ല.

അതിൽ ആനവേട്ടയെ സംബന്ധിച്ച് മാത്രമേ പറഞ്ഞിട്ടുള്ളൂ. പ്രതിപക്ഷ നേതാവ് പറഞ്ഞ വിഷയം മാത്രമേ തന്നിട്ടുള്ളൂ. മരണ വിവരം നോട്ടീസിലില്ല. അങ്ങേയ്ക്ക് സബ്മിഷനായി അവതരിപ്പിക്കാം. മരണ വിവരം സൂചിപ്പിക്കണമായിരുന്നു. അത് എഴുതിയിട്ടില്ല.